(ഈ) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) സെയിൽസ്ടാക്സ് വർദ്ധന പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആറു ശതമാനം

(ബി) സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. 429/95 പ്രകാരം വാർഷിക വിറ്റുവരവ് 50 ലക്ഷം രൂപയിൽ താഴെയുള്ള ചെറുകിടവ്യവസായ സ്ഥാപനങ്ങളുടെ നികുതിനിരക്ക് 4 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു. ഈ ഇളവ് ബാധകമല്ലാത്ത യൂണിറ്റുകൾ ഉല്പന്നത്തിന്റെ അടിസ്ഥാനത്തിൽ 12 മുതൽ 20 ശതമാനം വരെ വിവിധ നിരക്കുകളിൽ നികുതി നൽകിയിരുന്നു.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) റവന്യൂ നഷ്ടം പരിഗണിച്ച് ഈ ആവശ്യം ഇപ്പോൾ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് സംഘടനയെ അറിയിച്ചിട്ടുണ്ട്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

17 (980) മുത്തങ്ങ വിൽപ്പന-നികുതി ചെക്ക്പോസ്റ്റിനുള്ള കെട്ടിട നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി താലൂക്കിലെ മുത്തങ്ങ വിൽപ്പന നികുതി ചെക്ക്പോസ്റ്റിന് സ്വന്തമായി സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുത്തങ്ങ വിൽപ്പന നികുതി ചെക്ക്പോസ്റ്റിന് കെട്ടിടം പണിയുന്നതിന് സംസ്ഥാന സർക്കാർ അധീനതയിലുള്ള ഭൂമിയോ സ്വകാര്യഭൂമിയോ ലഭ്യമല്ല. ഈ സാഹചര്യത്തിൽ വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

18 (981) വാഹനങ്ങൾക്കുള്ള പ്രവേശന നികുതി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വാങ്ങിക്കൊണ്ടുവരുന്ന വാഹനങ്ങൾക്ക് പ്രവേശന നികുതി ചുമത്തുന്ന പതിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഈയിനത്തിൽ ചുമത്തുന്ന നികുതിയും നമ്മുടെ സംസ്ഥാനം ചുമത്തുന്ന നികുതിയും തമ്മിലുള്ള അന്തരം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നികുതി നിയമത്തിൽ വരുത്തിയ മാറ്റം നികുതി വെട്ടിപ്പിന് അവസരം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പുനഃസ്ഥാപിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തമിഴ്നാട്ടിൽ വാഹനങ്ങൾക്ക് വിൽപ്പന നികുതി 11% വും പ്രവേശന നികുതി 13% വുമാണ്. എന്നാൽ കേരളത്തിൽ ഇവ രണ്ടും 10% ആണ്.

(സി) പ്രവേശന നികുതി നിയമത്തിൽ വന്ന ഭേദഗതികൾ നികുതി വെട്ടിപ്പിനു അവസരം ഉണ്ടാക്കിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

19 (982) കാർഷികാദായനികുതിയും വിൽപനനികുതിയും പിരിച്ചെടുക്കൽ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിൽ വിൽപനനികുതി ഇനത്തിലും അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിലും എന്തു തുക പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക പിരിഞ്ഞു കിട്ടി;

(ബി) ലക്ഷ്യം നേടാതിരിക്കാനുള്ള പ്രത്യേക കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) 1999-2000 വർഷത്തിൽ എന്തുതുക പിരിച്ച് എടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ)

വർഷം	വിൽപന നികുതി	
	ലക്ഷ്യമിട്ട തുക (കോടിയിൽ)	പിരിഞ്ഞുകിട്ടിയ തുക (കോടിയിൽ)
1997-98	3276	3106.79
1998-99	3828	3387.93
	കാർഷികാദായനികുതി	
1997-98	30.60	22.54
1998-99	26.00	22.52

LIBRARY ARCHIVES Kerala Legislative Assembly